# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4887   27/06/2014 ൽ മറുപടിക്ക്**

**വയനാട് ജില്ലയിലെ പഞ്ചായത്തുകളുടെ ഐ. എസ്.ഒ അംഗീകാരം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ : | **ഡോ. എം. കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |
| (എ) പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളുടെയും സേവനങ്ങളുടെയും നിലവാരം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ; | (എ) കേരളത്തിലെ ഗ്രാമ പഞ്ചായത്തുകളുടെ സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിനായി ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കി ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു<br>1) ഗ്രാമ പഞ്ചായത്ത് പ്രസിദ്ധീകരിച്ചിട്ടുള്ള പൗരാവകാശ രേഖയിൽ പറയുന്ന സേവനങ്ങളുടെ ഗുണനിലവാരം ഘട്ടംഘട്ടമായി ഉറപ്പുവരുത്തുന്നു.<br>2) അതത് ദിവസം തന്നെ കൊടുക്കാവുന്ന സേവനങ്ങൾ അപേക്ഷ കിട്ടി എത്രയും വേഗം കൊടുക്കുവാൻ സംവിധാനമുണ്ടാക്കുന്നു.<br>3) അന്വേഷണങ്ങൾ ആവശ്യമില്ലാത്തതും പഞ്ചായത്തിന്റെ വിവരശേഖരത്തെ അടിസ്ഥാനമാക്കി |

നൽകേണ്ടതുമായ സേവനങ്ങൾ അപേക്ഷ കിട്ടിയാലുടൻ തന്നെ നൽകുവാനുള്ള സംവിധാനമുണ്ടാക്കുന്നു.

4)1970 മുതലുള്ള ജനന- മരണ സർട്ടിഫിക്കറ്റുകൾ 2008 മുതലുള്ള പൊതു വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ എന്നിവ പൊതു ജനങ്ങൾക്ക് സ്വമേധയാ ഡൗൺ ലോഡ് ചെയ്യാനുള്ള ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നു. കെട്ടിട നികുതി ഓൺലൈനായി അടയ്ക്കാനുള്ള സജ്ജീകരണം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| (ബി) | വയനാട് ജില്ലയിൽ നിന്നും ഐ.എസ്.ഒ അംഗീകാരം ലഭ്യമാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള പഞ്ചായത്തുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | വയനാട് ജില്ലയിൽ നിന്നും ഐ.എസ്.ഒ അംഗീകാരം ലഭിക്കുന്നതിനായി ഗ്രാമ പഞ്ചായത്തുകളെ തെരഞ്ഞെടുത്തിട്ടില്ല. |
| (സി) | പ്രസ്തുത പഞ്ചായത്തുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ